# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3995** **24.08.2017 ലെ മറുപടി**

## കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

**ചോദ്യം**

**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ:**

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) 2017-18 ബഡ്ജറ്റിൽ ഉൾപ്പെടുത്തുവാൻ വേണ്ടി നൽകിയിരുന്ന കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ പ്രവൃത്തികളുടെ ലിസ്റ്റ് ജലവിഭവവകുപ്പ് പരിശോധനയ്ക്കായി അയച്ചതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;<br>(ബി) 1231956/എം.ഐ 2/2017/ജ.വി.വ. എന്ന ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;<br>(സി) സമയബന്ധിതമായി ഈ പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (എ), (ബി) & (സി)<br>2017-18 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം സംബന്ധിച്ച് ബഹുമാനപ്പെട്ട കോട്ടയ്ക്കൽ നിയോജക മണ്ഡലം എം.എൽ.എ നിർദ്ദേശിച്ച മൈനർ ഇറിഗേഷൻ പ്രവൃത്തികളുടെ പേരുകൾ ഉൾക്കൊള്ളുന്ന പട്ടിക 3.3.2017 ലെ 1231956/എം.ഐ 2/ 2017 നമ്പർ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർക്ക് (ജലസേചനവും ഭരണവും) നല്കിയിരുന്നു. 2017-18 വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കേണ്ട സമയപരിധി കഴിഞ്ഞിരുന്നു. 2018-19 വർഷത്തിലെ പുതിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതിയ്ക്കായി നടപടികൾ പരിഗണിച്ച് വരുന്നു.<br><br>കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബി വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള എടയൂർ ഇരുമ്പിളിയം -വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ സാധ്യതാ പഠനം നടത്തി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന കോട്ടയ്ക്കൽ പരപ്പൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ 80 mm GI ബൈപ്പാസ് ലൈൻ ചുക്കാംപാറ ഭാഗത്ത് സ്ഥാപിക്കുന്നതിന് 8 ലക്ഷം രൂപയുടെയും ഇരുമ്പിളിയം-വളാഞ്ചേരി ശുദ്ധജല വിതരണ പദ്ധതി- മങ്കേരി ഭാഗത്ത് 1000 മീറ്റർ, 160 mm PVC പൈപ്പ് ലൈൻ നിലവിലുള്ള 350 mm AC പൈപ്പിന് സമാന്തരമായി സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയുടെയും ഭരണാനുമതി സ്റ്റേറ്റ് പ്ലാൻ 2017-18 ൽ നല്കിയിട്ടുണ്ട്.

കൂടാതെ സ്റ്റേറ്റ് പ്ലാൻ 2016-17 ൽ ഉൾപ്പെടുത്തി ഇരുമ്പിളിയം-വളാഞ്ചേരി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെട്ട ടാങ്കിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് 15 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ബാക്കിയുള്ള പ്രവർത്തികൾക്ക് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**